പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2538 06.12 . 2018 ൽ മറുപടിക്ക്

# കെ.എസ്.ഇ ബി യിൽ ഓൺലൈൻ വഴി ബില്ലടയ്ക്കൽ

ചോദ്യം

ശ്രീ.മോൻസ് ജോസഫ്.
" റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്
ശ്രീ. പി.ജെ.ജോസഫ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഗാർഹികേതര ബില്ലുകൾ ഡിജിറ്റലായി അടയ്ക്കാനുള്ള നടപടി കെ.എസ്.ഇ ബി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) എല്ലാ തരത്തിലുള്ള ഇലക്ട്രിസിറ്റി ബില്ലുകളുടേയും ഡിജിറ്റൽ പേയ്മെന്റ് പ്രോത്സാഹിപ്പിക്കുക എന്നതാണ് ബോർഡിന്റെ നയം. കേന്ദ്ര ഗവൺമെന്റ് പുതുതായി നടപ്പിൽ വരുത്തുന്ന പരിഷ്കരണ നപടികളുടെ ഭാഗമായി ഡിജിറ്റൾ പേയ്മെന്റിന്റെ തോത് വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശത്തെ തുടർന്ന് ഗാർഹികേതര ഉപഭോക്താക്കളിൽ 2000 രൂപയ്ക്ക് മുകളിൽ പ്രതിമാസ ബിൽ തുക അടയ്ക്കേണ്ടവർ 2019 ജനുവരി മുതൽ ഓൺ ലൈൻ രീതിയിലുള്ള ബിൽ തുക അടയ്ക്കണമെന്ന് നിഷ്കർഷിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.<br><br>ഗാർഹികേതര ബില്ലുകൾ ഉൾപ്പെടെ എല്ലാ ബില്ലുകളും ഡിജിറ്റലായി അടയ്ക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.<br><br>1. പേയ്മെന്റ് ഗയിറ്റ് വേ സംവിധാനത്തിലൂടെ ടെക്ക്പ്രോസസ്, ഫെഡറൽബാങ്ക് സ്ഥാപനങ്ങൾ മുഖാന്തിരവും.<br>2. എസ്.ബി.ഐ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് , കാനറാ ബാങ്ക്, ഐ,സി,ഐ.സി.ഐ എന്നീ ബാങ്കുകളുടെ നേരിട്ടുള്ള ഓൺലൈൻ സംവിധാനത്തിലൂടെയും.<br>3. പേടിഎം. എംപൈസ എന്നീ സ്ഥാപനങ്ങളുടെ വാലറ്റ് സംവിധാനത്തിലൂടെയും.<br>4. അക്ഷയ, ഫ്രണ്ട്സ്, സി.എസ്.സി ഈഗവേൺസ് തുടങ്ങിയ വിവിധ ഗവൺമെന്റ് സംവിധാനം വഴിയും.<br>5. എൻ.എ.സി.എച്ച് (നാഷണൽ ആട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ്) സംവിധാനം വഴിയും.<br>6. കെ.എസ്.ഇ.ബി. യുടെ മൊബൈൽ ആപ്ലിക്കേഷനായ "കെ.എസ്.ഇ.ബി "വഴിയും. ഉപഭോക്താക്കൾക്ക് ബില്ലുകൾ ഡിജിറ്റലായി അടയ്ക്കുവാനുള്ള സൗകര്യം ലഭ്യമാണ്.<br><br>ഇതുകൂടാതെ ഇന്ത്യാഗവൺമെന്റിന്റെ ഭാരത് ബിൽ പേയ്മെന്റ് |

| | |
|---|---|
| | സിസ്റ്റം (ബി.ബി.പി.എസ്സ്) വഴി ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി ബില്ലുകൾ ഡിജിറ്റലായി അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലാക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) എത്ര രൂപയിൽ കൂടുതലുള്ള ബില്ലുകളാണ് ഡിജിറ്റലായി അടയ്ക്കുവാൻ നിശ്ചയിച്ചിരിക്കുന്നത്;ആയതിന് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ടോ എന്നറിയിക്കാമോ; | (ബി)15.11.2018-ലെ 1925/2018(D(D&IT)/D6-E2/Cashiers/ 2018-19/001) TVM ഉത്തരവ് പ്രകാരം 2000/- രൂപയോ കൂടുതലോ ഉള്ള ഗാർഹികേതര ബില്ലുകൾ 01.01.2019 മുതൽ ഡിജിറ്റലായി മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരിക്കുന്നു. എസ്. ബി.ഐ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക്, ഐ,സി,ഐ.സി.ഐ എന്നീ ബാങ്കുകളുടെ നേരിട്ടുള്ള ഓൺലൈൻ സേവനങ്ങൾക്കും, പേയ്മെന്റ് ഗയിറ്റ് വേ സംവിധാനത്തിലൂടെ ടെക്ക്പ്രോസസ്, ഫെഡറൽബാങ്ക്, കാനറാബാങ്ക് എന്നിവ വഴിയും, 2000 രൂപയിൽ താഴെ വരുന്ന ഡെബിറ്റ് കാർഡ് സേവനങ്ങൾക്കും, സർവ്വീസ് ചാർജ്ജ് ഈടാക്കുന്നില്ല . മറ്റു സേവനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. |
| (സി) ഇപ്പോൾ നിലവിലുള്ള ക്യാഷ് കൗണ്ടറുകളുടെ പ്രവർത്തനം ഏതു രീതിയിൽ നടത്തിക്കൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ക്യാഷ് കൗണ്ടറുകൾ നിർത്തലാക്കാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; | (സി) 15.11.2018-ലെ 1925/2018(D(D&IT)/D6-AE2/Cashiers/ 2018-19/001) TVM ഉത്തരവ് പ്രകാരം ഒരു മാസം 7500-ൽ കുറവ് പണമിടപാടുകൾ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിലെ ഇപ്പോഴുള്ള രണ്ടു ഷിഫ്റ്റുകൾക്ക് പകരം ഒരു ഷിഫ്റ്റ് മാത്രമായി പുനർ ക്രമീകരിച്ചു നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ, 30-11-2018-ലെ KSEBL ഡയറക്ടർ ബോർഡ് യോഗം " ഒരു മാസം 7500-ൽ കുറവ് പണമിടപാടുകൾ കൈകാര്യം ചെയ്യുന്ന" എന്നത് "6000-ത്തിൽ കുറവ് പണമിടപാട് കൈകാര്യം ചെയ്യുന്ന" എന്നാക്കി മാറ്റി തീരുമാനിച്ചിട്ടുണ്ട്. (ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല, ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.) ഇതിനായി ഇത്തരം കൗണ്ടറുകളുടെ പ്രവർത്തി സമയം രാവിലെ ഒൻപതു മണി മുതൽ ഒരു മണി വരെയും തുടർന്ന് രണ്ടു മണി മുതൽ മൂന്ന് മണി വരെ ആയും ക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത സെക്ഷൻ ഓഫീസുകളിൽ നിലവിലുള്ള രീതി തുടരുന്നതാണ്. |
| (ഡി)2019 ജനുവരി മുതൽ ബില്ലുകൾ ഓൺലൈനായി മാത്രം സ്വീകരിച്ചാൽ മതി എന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി)മേൽ സൂചിപ്പിച്ച ബി.ഒ പ്രകാരം 01.01.2019 മുതൽ രണ്ടായിരം രൂപയോ കൂടുതലോ ഉള്ള ഗാർഹികേതര ബില്ലുകൾ ഡിജിറ്റലായി മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ